ഇടുക്കി	447
എറണാകുളം	2419
തൃശ്ശൂർ	2106
പാലക്കാട്	1217
മലപ്പുറം	2149
കോഴിക്കോട്	1954
വയനാട്	316
കണ്ണൂർ	1152
കാസർഗോഡ്	492

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 178 മെഡിക്കൽ സ്റ്റോറുകൾ പൂട്ടിയിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കാരുണ്യ ഫാർമസി കളുടേതല്ലാത്ത മറ്റ് ചില്ലറ മരുന്നുവിതരണ ശൃംഖലകൾ ലൈസൻസുകൾക്കായി അപേക്ഷ സമർപ്പിച്ചിട്ടില്ല. ലൈസൻസുകൾ അനുവദിക്കുന്നതിനുള്ള നിയമങ്ങൾ പ്രതിപാദിക്കുന്ന Drugs & Cosmetics Act & Rules-ലും ഇത്തരം ലൈസൻസുകൾ അനുവദിക്കാതിരിക്കുന്നതിനുള്ള നിയമങ്ങൾ ഇല്ല.

(ഡി) പുതിയ അപേക്ഷകൾ പരിഗണനയിലില്ല.

മരുന്നുകളുടെ ഗുണനിലവാര പരിശോധന

134 (2689) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) മരുന്ന് വിറ്റഴിച്ച ശേഷമാണ് ഗുണനിലവാര പരിശോധനാഫലം പുറത്ത് വരുന്നത് എന്നതിനാൽ ഇത് പരിഹരിക്കുന്നതിനായി ഗുണനിലവാര പരിശോധനക്ക് ശേഷം മരുന്നുകൾ വിൽക്കുന്നതിനു എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രതിവർഷം 6500 ഓളം മരുന്നുസാമ്പിളുകൾ പരിശോധിക്കുന്നതിൽ 3 ശതമാനത്തിൽ താഴെ മാത്രമാണ് വിവിധ കാരണങ്ങളാൽ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഉൽപ്പാദിപ്പിക്കുന്ന ഓരോ ബാച്ച് മരുന്നുകളും തീവ്രമായ ഗുണനിലവാര പരിശോധന നടത്തിയതിനുശേഷമാണ് നിർമ്മാതാക്കൾ വിപണിയിലെത്തിക്കുന്നത്. പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫ് കാലയളവിൽ, വിവിധ കാരണങ്ങളാൽ, മരുന്നിൽ അടങ്ങിയിരിക്കുന്ന ചേരുവകൾക്ക് സംഭവിക്കാവുന്ന രാസ ഭൗതിക മാറ്റങ്ങളാൽ പ്രസ്തുത മരുന്നിന് നിഷ്കർഷിച്ചിട്ടുള്ള പരിശോധന മാനദണ്ഡങ്ങൾ പാലിക്കപ്പെടാതെ വരുമ്പോഴാണ് ഗുണനിലവാരം കുറയുന്നത്. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്ന മരുന്നിന്റെ വിപണനം തടഞ്ഞ നിർമ്മാതാക്കൾക്കെതിരെ നിയമ ലംഘനത്തിന്റെ കാഠിന്യത്തിന് (Minor defects/Major defects) അനുസൃതമായി ലൈസൻസ് സസ്പെന്റ് ചെയ്യുക, ലൈസൻസ് റദ്ദ് ചെയ്യുക തുടങ്ങിയ വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

മരുന്നുകളുടെ വില നിയന്ത്രണം

135 (2690) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അവശ്യമരുന്നുകളിൽപ്പെടുന്ന 108 എണ്ണത്തിന്റെ വില നിയന്ത്രണം എടുത്തുകളയാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ ജനങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

നാഷണൽ ലിസ്റ്റ് ഓഫ് എസെൻഷ്യൽ മെഡിസിൻസിൽപ്പെട്ട 348 മരുന്നുകളുടെ വില കേന്ദ്രസർക്കാർ നിയന്ത്രിച്ചിട്ടുണ്ട്. ഇത് കൂടാതെയുള്ള 108 മരുന്നുകളുടെ വിലയാണ് കേന്ദ്രസർക്കാർ നിയന്ത്രിച്ചത്. നാഷണൽ ലിസ്റ്റ് ഓഫ് എസ്സെൻഷ്യൽ മെഡിസിൻസിൽപ്പെട്ട 348 മരുന്നുകളുടെ വില കൂടിയിട്ടില്ല. അതിനാൽ ജനങ്ങളെ ഈ തീരുമാനം കൂടുതലായി ബാധിക്കുകയില്ല